പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7697 23.07.2012-ൽ മറുപടിക്ക്

സിവിൽ സർവ്വീസിന്റെ പരിഷ്കരണം സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കേരളത്തിലെ സിവിൽ സർവ്വീസിന്റെ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി നാളിതുവരെ എത്ര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട് ; | (എ) 1957-ൽ ശ്രീ.ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർമാനായും, 1965-ൽ ശ്രീ.എം.കെ. വെള്ളോടി ഐ.സി.എസ്സിന്റെ നേതൃത്വത്തിലും, 1997-ൽ ശ്രീ.ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിലെ ഏതെല്ലാം നിർ ദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ; | (ബി) ഉണ്ട്. മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3,4,6,7, 8,10,11,12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്. |
| സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് സെക്രട്ടറിയേറ്റ് മാതൃകയിൽ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ ;<br>ഡി) അന്തർസംസ്ഥാന സ്ഥലംമാറ്റം ലഭിച്ച പുതിയ വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷനുകൾക്ക് മുൻ വകുപ്പിലെ സർവ്വീസ് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി)യും (ഡി)യും<br>ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

8/97

# അനുബന്ധം

## മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടിലെ അംഗീകരിച്ച ശുപാർശകൾ

### ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. പൗരാവകാശ പത്രിക.
2. സുതാര്യതയും അറിയുവാനുള്ള അവകാശവും..
3. പൊതുജനപരാതി പരിഹാരം
4. അധികാര വികേന്ദ്രീകരണവും ഭരണപരിഷ്കാരവും
5. മോണിറ്ററിംഗ്.

### രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ-നിയന്ത്രണം(Punching)

### മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക.
3. സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക.

### നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമന-സ്ഥാന നിർണ്ണയം
3. അച്ചടക്കം.

### ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും ബന്ധപ്പെട്ടകാര്യങ്ങളും നടപടി ക്രമങ്ങളും ലഘൂകരിക്കുന്നത് സംബന്ധിച്ച്.

### ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ

സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം - കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപികരിക്കൽ.

### എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ

പട്ടികജാതി, പട്ടികവർഗ്ഗ, കിർത്താർഡ്സ്, സോഷ്യൽ വെൽഫെയർ എന്നീ വകുപ്പുകളിലെ ഭരണപരിഷ്കാരങ്ങൾ.

പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ
പൊതുമരാമത്ത് പ്രവർത്തനങ്ങളുടെ നടപ്പിലാക്കൽ

പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ
സർക്കാരും പൊതുമേഖലാസ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം.

പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ
ആരോഗ്യ മേഖലയിലെ വികസനം.

പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ
അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപന വൽക്കരണ ശുപാർശകൾ

സെക്ഷൻ ഓഫീസർ